(സി) മരിച്ചു പോയ ജോസഫിന്റെ അവകാശികൾക്കു ലഭിക്കേണ്ട ആനുകൂല്യങ്ങൾ ഇന്നുവരെ നൽകാതിരിക്കാൻ കാരണമെന്ത്;

(ഡി) എത്രയും വേഗം ഇക്കാര്യത്തെ സംബന്ധിച്ച നടപടികൾ അവസാനിപ്പിക്കുവാനും സംഖ്യ അവകാശികൾക്ക് നൽകുവാനും വേണ്ട അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ, ബി, സി) വിവരം ശേഖരിച്ചു വരുന്നു.

(ഡി) അവകാശികൾക്ക് മരണാനന്തരം കിട്ടേണ്ട സംഖ്യ കിട്ടുന്നതിനു വേണ്ടി വില്ലേജ് ഓഫീസറായിരുന്ന് മരിച്ചു പോയ ശ്രീ. കെ. ജെ. ജോസഫിന്റെ അവകാശികൾക്ക് ഡെത്ത്-കം-റിട്ടയർമെന്റ് ഗ്രാറ്റുവിറ്റി കൊടുക്കുവാൻ അധികാരപ്പെടുത്തുന്നതിന് പെൻഷൻ പേപ്പറും മറ്റും 16-2-1979-ൽ ദേവികുളം അസിസ്റ്റന്റ് കളക്ടർ അക്കൗണ്ടന്റ് ജനറലിന് അയച്ചു കൊടുത്തിട്ടുണ്ട്.

മാങ്കുളം പ്രദേശത്തുനിന്നും കുടിയിറക്കപ്പെട്ടവർ

676 [979] ശ്രീ.കെ. ജെ. ചാക്കോ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും സഹകരണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ മാങ്കുളം പ്രദേശത്ത് എത്ര കുടുംബങ്ങളെ കുടിയിറക്കുകയുണ്ടായി;

(ബി) കുടിയിറക്കിയ കുടുംബങ്ങളെ പുനഃരധിവസിപ്പിക്കുകയുണ്ടായോ;

(സി) കുടിയിറക്കാനുള്ള കാരണമെന്ത്?

ഉത്തരം

(എ) മാങ്കുളം ഭൂമി കയ്യേറിയ ഏകദേശം 1350 ആളുകളെ കുടിയിറക്കി.

(ബി) പുനഃരധിവസിപ്പിച്ചിട്ടില്ല.

(സി) കണ്ണൻ ദേവൻ കമ്പനിയിൽനിന്നും മിച്ചഭൂമിയായി ഗവൺമെന്റ് ഏറ്റെടുത്തിട്ടുള്ള ഭൂമി ഗവൺമെന്റ് ആവശ്യത്തിന് നീക്കിവെച്ചതിനുശേഷമുള്ളത് ഭൂരഹിതർക്കും കർഷകത്തൊഴിലാളികൾക്കും പതിച്ചു കൊടുക്കുന്നതിനായിട്ടാണ് 15-2-1977-ലെ ജി. ഒ. പി. നമ്പർ 153/77/ആർ. ഡി. യിൽ പുറപ്പെടുവിച്ചിട്ടുള്ള ചട്ടങ്ങൾ അനുശാസിക്കുന്നത്. ആയതിൽ കുടിയേറ്റക്കാരുടെ കാര്യം പരിഗണിക്കാൻ വ്യവസ്ഥ ചെയ്തിട്ടില്ലാത്തതിനാലാണ് കുടിയൊഴിപ്പിക്കേണ്ടി വന്നിട്ടുള്ളത്.

ചിറയിൻകീഴ് താലൂക്കിലെ റീ സർവ്വെ

677 [983] ശ്രീ. കെ. അനിരുദ്ധൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും സഹകരണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറയിൻകീഴ് താലൂക്കിൽ റീസർവ്വേ ജോലി ആരംഭിച്ചിട്ട് എത്ര കാലമായി;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സർവ്വേയുമായി ബന്ധപ്പെട്ട ആഫീസുകൾ താലൂക്കിലേയ്ക്കു മാറിയിട്ടുണ്ടോ? ഇല്ലെങ്കിൽ എന്തുകൊണ്ട്;

(സി) കാട്ടാക്കട സർവ്വേ സൂപ്രണ്ട് ആഫീസ് വർക്കലക്ക് മാറാൻ ഡയറക്ടർ ഉത്തരവു പുറപ്പെടുവിച്ചിരുന്നോ? എങ്കിൽ എന്ന്;

(ഡി) ഈ ഉത്തരവ് പിന്നീടു സ്റേറ ചെയ്യുകയുണ്ടായോ? എങ്കിൽ എന്തുകൊണ്ട്;

(ഇ) ജീവനക്കാരുടേയും വസ്തു ഉടമകളുടേയും സൗകര്യത്തെ പരിഗണിച്ച് ആഫീസ് അടിയന്തിരമായും വർക്കലക്കു മാറാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 25.4.1977-ൽ ആരംഭിച്ചു.

(ബി) ഒരു സൂപ്രണ്ടിന്റെ ഓഫീസ് മാറിയിട്ടുണ്ട്. ബാക്കിയുള്ള ഓഫീസുകൾ മാറുന്നതിന് നടപടികൾ പൂർത്തിയാക്കികൊണ്ടിരിക്കുന്നു.

(സി) ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. 17.4.1978-ൽ.

(ഡി) ഉണ്ടായി. കാട്ടാക്കട സർവ്വേ സൂപ്രണ്ടിന്റെ അധികാര പരിധിയിൽ ഉള്ള നെയ്യാറ്റിൻകര, നെടുമങ്ങാട് താലൂക്കുകളിൽ അവശേഷിക്കുന്ന സർവ്വേ ജോലികൾ എത്രയുണ്ടെന്നു പരിശോധിച്ചശേഷം തീരുമാനിക്കാനായിട്ടാണ് ഓഫീസ് മാറ്റം നിർത്തിവച്ചത്.

(ഇ) വർക്കല ഒരു സർവ്വേ സൂപ്രണ്ടിന്റെ ഓഫീസ് ആരംഭിക്കുന്നതിനുള്ള നടപടി പൂർത്തിയായിക്കൊണ്ടിരിക്കുന്നു. പൂർത്തിയായാൽ ഉടൻ വർക്കല സർവ്വേ സൂപ്രണ്ട് ആഫീസ് ആരംഭിക്കുന്നതാണ്.

തെക്കേക്കര സർവ്വീസ് കോ-ഓപ്പറേറീവ് സൊസൈറ്റിയിലെ പണാപഹരണം

678 [984] ശ്രീ.കെ. അനിരുദ്ധൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും സഹകരണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര താലൂക്കിലെ എ 218-ാം നമ്പർ തെക്കേക്കര സർവ്വീസ് കോ-ഓപ്പറേറീവ് സൊസൈറ്റിയിലെ പണാപഹരണം സംബന്ധിച്ച് ഉത്തരവാദികൾ ആരൊക്കെയാണെന്ന് അന്വേഷിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ആരൊക്കെയാണ് ഉത്തരവാദികൾ, അവരുടെ മേൽ എന്തു നടപടി എടുത്തു;

(സി) ആരാണ് അന്വേഷണം നടത്തിയത്;

(ഡി) അന്വേഷണ റിപ്പോർട്ട് മേശപ്പുറത്തു വയ്ക്കുമോ;

(ഇ) എത്ര രൂപ സൊസൈറ്റിയുടെ അക്കൗണ്ടിൽപ്പെടുത്താതെ അപഹരിച്ചെടുത്തു; അല്ലാതെ എത്ര;

(എഫ്) പണാപഹരണത്തിനുത്തരവാദിയായ സെക്രട്ടറിയുടെയും അതിന്നു കൂട്ടുനിന്ന ഉദ്യോഗസ്ഥൻമാരുടെയും പേരിൽ നടപടി സ്വീകരിക്കാതിരിക്കുന്നതിനു കാരണമെന്ത്?

LIBRARY ARCHIVES Kerala Legislative Assembly